പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 308 | 11.06.2012 ൽ മറുപടിക്ക്

പൊതുയോഗപ്രസംഗങ്ങളിലെ പരാമർശങ്ങളെ ആധാരമാക്കി കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>,, എസ്.രാജേന്ദ്രൻ<br>,, സാജു പോൾ<br>,, റ്റി.വി.രാജേഷ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പൊതുയോഗങ്ങളിൽ രാഷ്ട്രീയനേതാക്കൾ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളെ ആധാരമാക്കി കേസ് രജിസ്റ്റർ ചെയ്യാൻ സർക്കാർ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും ബാധകമാണോ; എങ്കിൽ ഏതെല്ലാം നിലയിലുള്ള പരാമർശങ്ങൾക്കെതിരെയാണ് കേസെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പ്രകോപനപരമായ പ്രസംഗങ്ങളെ ആധാരമാക്കി ഇന്ത്യൻ ശിക്ഷാനിയമ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് വരുന്നു. ആയതിന് സർക്കാർ നിർദ്ദേശങ്ങൾ ആവശ്യമില്ലാത്തതും സർക്കാർ പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ലാത്തതുമാണ്. |
| (ബി) പ്രസംഗങ്ങളിലെ പരാമർശങ്ങൾക്കെതിരെ ആരുടെയെങ്കിലും പേരിൽ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ് കേസെടുത്തിട്ടുള്ളത്; | (ബി) ഉണ്ട്. 1. വി.എച്ച്.പി. നേതാവ് പ്രവീൺ തൊഗാഡിയ, 2. സി.പി.ഐ.(എം.) ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. എം.എം. മണി, 3. ശ്രീ. എളമരം കരീം, 4.ശ്രീ. കെ സുധാകരൻ എം.പി., 5. ഏറനാട് എം.എൽ.എ. ശ്രീ. പി.കെ. ബഷീർ, 6.സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ശ്രീ. എം. വി. ജയരാജൻ എന്നിവർക്കെതിരെ കേസെടുത്തിട്ടുണ്ട്. |
| (സി) മുൻമന്ത്രി എം.എം.ഹസ്സൻ, പാർലമെന്റ് അംഗം കെ.സുധാകരൻ, കണ്ണൂർ ഡി.സി.സി. പ്രസിഡന്റ് പി.രാമകൃഷ്ണൻ, പി.കെ. ബഷീർ എം.എൽ.എ. എന്നിവർ പൊതു | (സി) ശ്രീ. പി.കെ. ബഷീറിനെതിരെ എടവണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം 286/08 ആയും ശ്രീ. കെ. സുധാകരൻ എം. പി.ക്കെതിരെ തിരുവനന്തപുരം |

| | |
|---|---|
| യോഗങ്ങളിലും വാർത്താ സമ്മേളനങ്ങളിലും ക്രിമിനൽ കുറ്റത്തിന് പ്രേരിപ്പിച്ചും ആഹ്വാനം നൽകിയും പ്രസംഗിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ കേസെടുക്കുകയുണ്ടായോ? | മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 123/11 പ്രകാരവും കേസ് എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ